ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*:

(എ) ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കാര്യക്ഷമമായി സർവ്വീസ് നടത്തുന്നതിന്റെ ഭാഗമായി പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നു. കൂടാതെ അറ്റകുറ്റപ്പണികൾക്കായി ഡോക്കിലുള്ള ബസ്സുകൾ എത്രയും വേഗം പണി പൂർത്തിയാക്കി സർവ്വീസിന് നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ജില്ലാ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കോൺഫറൻസുകൾ വിളിച്ചു ചേർത്ത് കാൻസലേഷൻ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വായ്പ

*19 [96] *ശ്രീ. ടി. എം. ജേക്കബ്*:
„ *ആർ. ബാലകൃഷ്ണപിള്ള*:
„ *ഷിബു ബേബി ജോൺ*:
„ *ജോണി നെല്ലൂർ*:
„ *കെ. ബി. ഗണേഷ് കുമാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും കാർഷികവായ്പ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) കാർഷികവായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കാർഷിക വായ്പകളുടെ പലിശ കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒരു വർഷം സഹകരണ സംഘങ്ങൾ നൽകുന്ന ആകെ വായ്പയുടെ ചുരുങ്ങിയത് എത്ര ശതമാനമാണ് കർഷകർക്ക് നൽകേണ്ടത്;

(ഇ) ചുരുങ്ങിയ പരിധി നിർണ്ണയിച്ചത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(എഫ്) പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*:

(എ) കാർഷികവായ്പ നൽകുന്ന സംഘങ്ങൾ ഒരു വർഷം നൽകുന്ന മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാത്ത തുക നിർബന്ധമായും കാർഷികവായ്പയായി വിതരണം ചെയ്യേണ്ടതാണെന്നും ഇത്തരം വായ്പകൾ സ്വർണ്ണപ്പണയത്തിന്റെ ഈടിൻമേലും നൽകാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വളരെ ഉദാരമായ രീതിയിലും ലഘൂകരിച്ച നടപടിക്രമങ്ങളിലൂടെയുമാണ് സഹകരണ സ്ഥാപനങ്ങൾ കാർഷികവായ്പകൾ നൽകിവരുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നബാർഡിന്റെ റീഫിനാൻസ് ഇല്ലാതിരുന്നതിനാൽ 12 ശതമാനം പലിശയ്ക്കാണ് സ്വന്തം ഫണ്ടിൽ നിന്നും കാർഷികവായ്പ നൽകിയിരുന്നത്. ഇപ്പോൾ പുനർവായ്പ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 8.5 ശതമാനം പലിശയ്ക്ക് നൽകിവരുന്നുണ്ട്. പുനർവായ്പ ഇല്ലാതെവരുമ്പോൾ കാർഷികവായ്പയ്ക്ക് 10.5 ശതമാനം പലിശ ഈടാക്കിവരുന്നുണ്ട്.

(ഡി) മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാത്ത തുകയാണ് കർഷകർക്ക് നൽകേണ്ടത്.

(ഇ) കാർഷികമേഖലയുടെ സർവ്വതോന്മുഖമായ പുരോഗതി 2004-2005-ൽ കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കണമെന്ന കേന്ദ്ര ധനകാര്യമന്ത്രി നടത്തിയ പ്രഖ്യാപനം, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ തീരുമാനം, സെൻട്രൽ ബാങ്ക് കോൺഫറൻസിലെ തീരുമാനം എന്നിവ കണക്കിലെടുത്താണ് ചുരുങ്ങിയ പരിധി നിർണ്ണയിച്ചത്.

(എഫ്) പരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കരിമണൽ ഖനനം സംബന്ധിച്ച് അന്വേഷണം

*20 [97] *ശ്രീ. സി. മമ്മൂട്ടി:*
„ *യു. സി. രാമൻ:*
„ *ഇസ്മായിൽ കുരിക്കൾ:*
„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമണൽ ഖനനം സംബന്ധിച്ച് ജസ്റ്റിസ് ജോൺ മാത്യു കമ്മിഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ വെളിപ്പെടുത്തുമോ;

(സി) കമ്മീഷന്റെ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഉണ്ട്.

(ബി) കരിമണൽ ഖനനത്തെക്കുറിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മിഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly